Azadi Ka Amrit Mahotsav

*"ഭരണഭാഷ-മാതൃഭാഷ"*

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ്-കേരള ജനറൽ സർവ്വീസ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്കുള്ള പ്രീ സർവ്വീസ് ട്രെയിനിംഗ്- ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചും - ട്രെയിനിങ് ഓഫീസറെ ചുമതലപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ് മെന്റ്- ബി) വകുപ്പ്**

സ.ഉ (സാധാ)നം.338/2025/ധന. തിരുവനന്തപുരം, തീയതി : 12.01.2025

---

പരാമർശം :

1. 28.11.1966 തീയതിയിലെ സ.ഉ.(പി)നം.464/1966/പി.ഡി ഉത്തരവ്.
2. 07.02.2001 തീയതിയിലെ സ.ഉ.(പി)നം.252/2001/ധന ഉത്തരവ്.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള 09.02.2024 തീയതിയിലെ RIA(2) 592/2019/GW, RIA(2) 8716/2013/GW നമ്പർ അഡ്വൈസുകൾ.
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള 23.10.2024 തീയതിയിലെ RIA(2) 1032538/24/KPSC നമ്പർ അഡ്വൈസ്.
5. 27.05.2024 തീയതിയിലെ സ.ഉ(സാധാ)നം.4253/2024/ധന ഉത്തരവ്.
6. 12.08.2024 തീയതിയിലെ സ.ഉ.(സാധാ) നം. 6158/2024/ധന ഉത്തരവ്
7. 15.10.2024 തീയതിയിലെ സ.ഉ.(സാധാ) നം. 7661/2024/ധന ഉത്തരവ്.

## <u>ഉത്തരവ്</u>

കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട പരാമർശം (1) ലെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം, നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ 18 മാസത്തെ പ്രായോഗിക പരിശീലനം നേടേണ്ടതുണ്ടെങ്കിലും പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി പ്രായോഗിക പരിശീലനത്തിന്റെ കാലയളവ് 12 മാസമായി ചുരുക്കിയിട്ടുണ്ട്. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ആയി നിയമനം നൽകുന്നതിന് മുൻപ് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ താൽക്കാലിക തസ്തികകളും ഒരു ട്രെയിനിങ് ഓഫീസറുടെ താൽക്കാലിക തസ്തികയും ഒരു വർഷത്തേക്ക് സൃഷ്ടിച്ചുകൊണ്ടാണ് പ്രസ്തുത പ്രായോഗിക പരിശീലനം നൽകുന്നത്.

കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ പരാമർശം (3)പ്രകാരം നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനായി ഒരു ട്രെയിനിങ് ഓഫീസർ തസ്തിക ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിലേയ്ക്കുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായാണ് ട്രെയിനിങ് ഓഫീസറിനെ നിയമിച്ചു വന്നിരുന്നതെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ പരിചയസമ്പന്നരായ സീനിയർ അക്കൗണ്ട്സ് ഓഫീസർമാർ കുറവായതിനാൽ സർവ്വീസിൽ നിന്നും വിരമിച്ച സീനിയർ അക്കൗണ്ട്സ് ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി ഡിവിഷണൽ അക്കൗണ്ട്സ്

ഓഫീസർ ട്രെയിനികൾക്ക് പ്രായോഗിക പരിശീലനം നല്കാവുന്നതാണെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് അക്കൗണ്ടന്റ് ജനറൽ നോമിനേറ്റ് ചെയ്ത റിട്ട.സീനിയർ അക്കൗണ്ട്സ് ഓഫീസർ ശ്രീ. ജയകുമാർ കെ.പി യെ 23.08.2024 മുതൽ ഒരു വർഷ കാലത്തേക്ക് കരാർ വ്യവസ്ഥയിൽ ട്രെയിനിങ് ഓഫീസറായി നിയമിച്ചു കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത 11 ഉദ്യോഗാർത്ഥികളുടെ പരിശീലനം ടി ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നടന്നു വരികയാണ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിരിക്കുന്ന 30 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ 30 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുകയും ട്രെയിനിങ് ഓഫീസറിനെ ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്ത പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ 30 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനും, പരിശീലന മേൽനോട്ടത്തിനായി പരാമർശം (5) ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ട്രെയിനിങ് ഓഫീസർ തസ്തികയുടെ കാലാവധി പുതിയതായി നിയമന ശിപാർശ ലഭിച്ച 30 ഉദ്യോഗാർത്ഥികളുടെ പരിശീലനം പൂർത്തിയാകുന്നത് വരെ ദീർഘിപ്പിക്കുന്നതിനും, പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് നിലവിൽ ട്രെയിനിങ് ഓഫീസറായി തുടർന്നു വരുന്ന ശ്രീ. ജയകുമാർ കെ.പി, റിട്ട.സീനിയർ അക്കൗണ്ട്സ് ഓഫീസർ-നെ പരാമർശം (7) ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി ചുമതലപ്പെടുത്തുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

പരിശീലന കാലയളവിൽ പരിശീലനാർത്ഥികൾക്ക് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ ശമ്പള സ്കെയിലിന്റെ (50,200 -1,05,300/-) മിനിമം അടിസ്ഥാന ശമ്പളമായ 50,200/- രൂപയും നിലവിൽ സർവ്വീസിലുള്ളവർക്ക് അവർ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളവും മറ്റ് അലവൻസുകളും പ്രതിമാസം 50,200/- ൽ കുറയാതെയും അലവൻസായി നൽകുന്നതായിരിക്കും.

പരിശീലന പരിപാടിയുടെ ചെലവ് "2059-80-003-99-ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരുടെ പരിശീലനം (പദ്ധതിയേതരം)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ഡോ. എ ജയതിലക് ഐ എ എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തൃശ്ശൂർ/ തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.

പൊതുഭരണ (SC) വകുപ്പ് (ഇനം നമ്പർ 2576 തീയതി 08.01.2025)
ചീഫ് എഞ്ചിനീയർ പൊതുമരാമത്ത്(ഭരണം) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്
ഇ നമ്പർ (2722667)നം.എസ്റ്റാ-ബി2/69/2024/ധന.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

FINANCE DEPARTMENT
E-OFFICE
No. E 9148082/2025/ACS(FIN)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. എസ്റ്റാ.ബി2/69/2024/ധന.(ഇ-2722667). ഇനം നം: 2576

വിഷയം : ധനകാര്യ വകുപ്പ് - കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട പ്രീ-സർവ്വീസ് ട്രെയിനിംഗിനു വേണ്ടി 30 ട്രെയിനികളുടെ താത്കാലിക തസ്തിക 1 വർഷകാലത്തേക്ക് സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly
ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

Us EstB
9/1/25
S.O. (EstB)
9/1/25

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2576

**കേരള സർക്കാർ**

**ശ്രീ.പിണറായി വിജയൻ മന്ത്രിസഭ**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ (2722667) നം.എസ്റ്റാ-ബി2/69/2024/ധന |
| 2 | വകുപ്പ് | : | ധനകാര്യ (എസ്റ്റാബ്ലിഷ് മെന്റ് - ബി) വകുപ്പ് |
| 3 | വിഷയം | : | കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട പ്രീ-സർവീസ് ട്രെയിനിംഗിനു വേണ്ടി 30 ട്രെയിനികളുടെ താത്ക്കാലിക തസ്തിക 1 വർഷകാലത്തേക്ക് സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.12.2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഇത് ധനകാര്യ വകുപ്പിൽ തുടങ്ങിയ ഫയലാണ്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. വിജയശ്രീ എം.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.12.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.12.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.എൻ.ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.12.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.12.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, 23.10.2024 തീയതിയിലെ No. RIA(2)/1032538/24 /KPSC അഡ്വൈസ് പ്രകാരം 30 പേരെ ശിപാർശ ചെയ്തിട്ടുണ്ട്.

2. 28.11.1966 തീയതിയിലെ സ.ഉ(പി)നം.464/1966/പിഡി (സ്പെഷ്യൽ റൂൾ) പ്രകാരം കേരള ജനറൽ സർവ്വീസിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ആയി ജോലിയിൽ പ്രവേശിക്കുന്നവർ 18 മാസത്തെ പ്രായോഗിക പരിശീലനം നേടേണ്ടതുണ്ടെങ്കിലും 07.02.2001 തീയതിയിലെ സ.ഉ(പി)നം.252/2001/ധന ഉത്തരവ് പ്രകാരം പ്രസ്തുത കാലയളവ് 12 മാസമായി കുറച്ചിട്ടുണ്ട്. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ആയി നിയമനം നൽകുന്നതിന് മുൻപ് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ താൽക്കാലിക തസ്തികകളും ഒരു ട്രെയിനിങ് ഓഫീസറുടെ താൽക്കാലിക തസ്തികയും ഒരു വർഷത്തേക്ക് സൃഷ്ടിച്ചുകൊണ്ടാണ് പരിശീലനം നൽകുന്നത്. ഇപ്പോൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്ന 30 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ 30 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളെ ഒരു വർഷത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് നിലവിലുള്ള റഗുലർ തസ്തികകളിലേക്ക് നിയമിക്കുകയും ട്രെയിനിംഗിനായി താൽക്കാലികമായി സൃഷ്ടിച്ച 30 തസ്തികകൾ ഇല്ലാതാകുകയും ചെയ്യും. പരിശീലന കാലത്ത് പരിശീലനാർത്ഥികൾ പരിശീലനം നൽകുന്ന ട്രെയിനിങ് ഓഫീസറുടെ നിയന്ത്രണത്തിൽ ആയിരിക്കും. പരിശീലന കാലയളവിൽ പരിശീലനാർത്ഥികൾക്ക് നിലവിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറുടെ സ്കെയിലിന്റെ (50,200-1,05,300) മിനിമം അടിസ്ഥാന ശമ്പളമായ 50,200/- രൂപ നൽകുന്നതായിരിക്കും. നിലവിൽ സർവീസിലുള്ളവർക്ക് അവർ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളവും മറ്റ് അലവൻസുകളും പ്രതിമാസം 50,200/- ൽ കുറയാതെ ലഭിക്കുന്നതാണ്. ഈ ഇനത്തിലെ ചെലവ് "2059-80-003-99- ട്രയിനിംഗ് ഓഫ് ഡിവിഷണൽ

അക്കൗണ്ട്സ് ഓഫീസർ (എൻ.പി)''എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതാണ്.

**3.** കേരള പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നും മുൻപ് നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനായി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടു കൂടി ഒരു ട്രെയിനിങ് ഓഫീസർ തസ്തിക ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച് കൊണ്ട് 27.05.2024 തീയതിയിലെ സ.ഉ(സാധാ)നം.4253/2024/ധന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ ട്രെയിനിംഗിന്റെ മേൽനോട്ടത്തിനായി ഒരു ട്രെയിനിംഗ് ഓഫീസറിനെ അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിലേയ്ക്കുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ അക്കൌണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ പരിചയസമ്പന്നരായ സീനിയർ അക്കൌണ്ട്സ് ഓഫീസർമാർ കുറവായതിനാൽ സർവ്വീസിൽ നിന്നും വിരമിച്ച സീനിയർ അക്കൌണ്ട്സ് ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികൾക്ക് പ്രായോഗിക പരിശീലനം നല്കാവുന്നതാണെന്ന് അക്കൌണ്ടന്റ് ജനറൽ നിർദ്ദേശിക്കുകയും, അതിൻ പ്രകാരം ശ്രീ. ജയകുമാർ കെ.പി., റിട്ട.സീനിയർ അക്കൗണ്ട്സ് ഓഫീസറിനെ ട്രെയിനിങ് ഓഫീസർ ആയി അക്കൌണ്ടന്റ് ജനറൽ നോമിനേറ്റ് ചെയ്യുകയും തുടർന്ന് 12.08.2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 6158/2024/ധന ഉത്തരവ് പ്രകാരം 23.08.2024 മുതൽ ഒരു വർഷകാലത്തേക്ക് ശ്രീ. ജയകുമാർ കെ.പി-യെ കരാർ വ്യവസ്ഥയിൽ ട്രെയിനിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപ് ശിപാർശ ചെയ്ത 11 ഉദ്യോഗാർത്ഥികളുടെ പരിശീലനം ടി ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നടന്നു വരികയാണ്. ഈ സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥന്റെ സേവനം നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ 30 ഉദ്യോഗാർത്ഥികൾക്കും പരിശീലനം നൽകുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

**4.** 27.05.2024 തീയതിയിലെ സ.ഉ(സാധാ)നം.4253/2024/ധന ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുള്ള ട്രെയിനിങ് ഓഫീസർ തസ്തികയുടെ കാലാവധി നിലവിൽ

നിയമന ശിപാർശ ചെയ്യപ്പെട്ട 30 ഉദ്യോഗാർത്ഥികളുടെ പരിശീലനം കഴിയുന്നത് വരെ ദീർഘിപ്പിക്കാവുന്നതും, ഈ തസ്തികയിൽ നിയമിതനായ ശ്രീ. ജയകുമാർ കെ.പി-യെ 15.10.2024 തീയതിയിലെ സ.ഉ(സാധാ)നം.7661/2024/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിൽ നിയമനശിപാർശ ചെയ്യപ്പെട്ട 30 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ചുമതലപ്പെടുത്താവുന്നതുമാണ്.

**5.** ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1. ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ 30 ഉദ്യോഗാർത്ഥികൾക്ക് പ്രി-സർവ്വീസ് ട്രെയിനിങ് നൽകുന്നതിനായി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനിമാരുടെ 30 താത്ക്കാലിക തസ്തികകൾ ഒരു വർഷ കാലാവധിയിൽ സൃഷ്ടിക്കാമോ ?

2. 27.05.2024 തീയതിയിലെ സ.ഉ(സാധാ)നം.4253/2024/ധന ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ട്രെയിനിങ് ഓഫീസർ തസ്തികയുടെ കാലാവധി പുതിയതായി നിയമന ശിപാർശ ലഭിച്ച 30 ഉദ്യോഗാർത്ഥികളുടെ പരിശീലനം പൂർത്തിയാകുന്നത് വരെ ദീർഘിപ്പിക്കാമോ?

3. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് നിലവിൽ ട്രെയിനിങ് ഓഫീസറായി തുടർന്ന് വരുന്ന ശ്രീ. ജയകുമാർ കെ.പി, റിട്ട.സീനിയർ അക്കൗണ്ട്സ് ഓഫീസർ-നെ 15.10.2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 7661/2024/ധന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി ചുമതലപ്പെടുത്താമോ?